# 6
# അക്കുത്തിക്കുത്താന വരമ്പേൽ

സാംസ്ക്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസ ത്തെക്കുറിച്ചും ധാരണയില്ലായ്മ എന്ന പ്രശ്നമേഖലയിൽ തന്റെ നാടിന്റെ തനതായ സവിശേഷതകൾ തിരിച്ചറിയുന്നില്ല എന്ന ഉപപ്ര ശ്നവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണം ലക്ഷ്യമിടുന്ന പാഠഭാഗമാണിത്.

കളികൾ എന്നും കുട്ടികൾക്കിഷ്ടമാണ്. പലവിധത്തിലുള്ള കളി പ്പാട്ടങ്ങളും അവർ സ്വന്തമാക്കിയിട്ടുണ്ടാവും. ഓരോ പ്രദേശത്തും തന തായ കളികളുണ്ടെന്നും, കളിപ്പാട്ടങ്ങൾ സ്വയംനിർമിക്കാവുന്നവയും വിലകൊടുത്തുവാങ്ങാവുന്നവയുമുണ്ടെന്നുള്ള ആശയവും ഈ യൂണി റ്റിലൂടെ കുട്ടിയിൽ രൂപപ്പെടേണ്ടതുണ്ട്. പോയിന്റുകൾ നോക്കി വിജയി കളെ തീരുമാനിക്കുന്ന ചില കളികളെങ്കിലും കുട്ടികൾ മുമ്പ് പരിചയ പ്പെടുകയോ കളിക്കുകയോ ചെയ്തിട്ടുണ്ട്. ചില നാടൻകളികളിൽ ഗണിതം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന സാമാന്യധാരണ കുട്ടിയിൽ രൂപപ്പെടാനും ഈ യൂണിറ്റ് പ്രയോജനപ്പെടുത്തണം.

ലഘുകുറിപ്പുകൾ തയാറാക്കുവാനും പട്ടികകൾ അപഗ്രഥിക്കുവാ നുമുള്ള കഴിവ് കുട്ടികൾ ഇതിനകം നേടിയിട്ടുണ്ട്. കൂടുതൽ മെച്ച പ്പെട്ട രീതിയിൽ കുറിപ്പുകൾ തയാറാക്കുവാനും കളിയുമായി ബന്ധ പ്പെടുത്തി സങ്കലന വ്യവകലന ക്രിയകളിൽ ഏർപ്പെടാനും ഈ പാഠ ഭാഗത്തിലൂടെ  കുട്ടിക്ക് സാധിക്കണം. വിൽപ്പനയുമായി ബന്ധപ്പെട്ട് ഗണിതക്രിയകൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന ധാരണ രൂപീകരി ക്കാനും. ഈ പാഠഭാഗം ലക്ഷ്യമിടുന്നു.

നാടൻകളികളോട് ആഭിമുഖ്യം പുലർത്തിക്കൊണ്ട് കൂടുതൽ നാടൻകളികൾ അന്വേഷിക്കാനും കളിക്കാനുമുള്ള മനോഭാവവും നാടിന്റെ തനത് സംസ്ക്കാരം കാത്തുസൂക്ഷിക്കുവാനുള്ള ചിന്തയും കുട്ടിയിൽ രൂപപ്പെടാൻ ഈ യൂണിറ്റിലെ പ്രവർത്തനങ്ങൾ സഹായക രമാവണം.

പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രമായ വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ

| ആശയങ്ങൾ | പ്രക്രിയ | പ്രകടിതരൂപം | വിലയിരുത്തൽ | മൊഡ്യൂൾ നമ്പർ/ (വിഷയം) |
|---|---|---|---|---|
| • ഓരോ പ്രദേശത്തും തനതായ കളികളുണ്ട് | • ആഖ്യാനം ശ്രവിച്ചും കളികളിലേർപ്പെട്ടും പാഠഭാഗം വായിച്ചും കളികൾ പട്ടികപ്പെടുത്തിയും ആശയം രൂപീകരിക്കുന്നു. | • താരതമ്യക്കുറിപ്പ്, നിഗമനക്കുറിപ്പ് | • വായന - കളിയെക്കുറിച്ച് താൻ മനസ്സിലാക്കിയ കാര്യങ്ങൾ അവതരിപ്പിക്കുന്നത്, ടീച്ചർ വിലയിരുത്തൽ.<br>• പട്ടിക - സ്വയം/ പരസ്പരം/ ടീച്ചർ വിലയിരുത്തൽ<br>• നിഗമനം - ടീച്ചർ വിലയിരുത്തൽ | 1. പരിസരപഠനം |
| • ഗണിതം ഉപയോഗിച്ചുള്ള നാടൻകളികളുണ്ട്.<br>• ചില കളികളിൽ എണ്ണൽ, സങ്കലനം, വ്യവകലനം തുടങ്ങിയ ക്രിയകൾ ഉപയോഗിക്കുന്നുണ്ട്. | • കളിവിവരണം വായിച്ച് വിശകലനം ചെയ്യുന്നു. കളികളിലേർപ്പെടുന്നു വിജയിയെ കണ്ടെത്തുന്ന, രീതി തിരിച്ചറിഞ്ഞ് കളിയിൽ ഗണിതത്തിന്റെ പ്രയോഗം സംബന്ധിച്ച് നിഗമനം രൂപീകരിക്കുന്നു. | • നിർദ്ധാരിത പ്രശ്നങ്ങൾ<br>• പൂർത്തീകരിച്ച പട്ടിക | • നിർദ്ധാരിത പ്രശ്നം - വ്യക്തിഗതം/ പരസ്പരം/ ടീച്ചർ വിലയിരുത്തൽ<br>• പട്ടിക - ടീച്ചർ വിലയിരുത്തൽ | 2. ഗണിതം |
| • കളിയുപകരണങ്ങൾ/ കളിപ്പാട്ടങ്ങൾ വിലകൊടുത്തു വാങ്ങുന്നവയും സ്വയം നിർമിക്കുന്നവയുമുണ്ട്.<br>• കളിയുപകരണങ്ങളുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് ഗണിതക്രിയകൾ ഉപയോഗിക്കുന്നു. | • പാഠഭാഗം വായിച്ച് വിശകലനം ചെയ്തും പട്ടിക അപഗ്രഥിച്ചും നിഗമനം രൂപീകരിക്കുന്നു.<br>• കളിപ്പാട്ടവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നു.<br>• പ്രായോഗിക പ്രശ്നങ്ങൾ രീപീകരിക്കുന്നു, നിർദ്ധാരണം നടത്തുന്നു. | • വർഗീകരിച്ച പട്ടിക<br>• നിർദ്ധാരിത പ്രശ്നങ്ങൾ<br>• രൂപീകരിക്കുന്ന പ്രശ്നങ്ങൾ | • പട്ടിക - സ്വയം, പരസ്പരം, ടീച്ചർ വിലയിരുത്തൽ.<br>• രൂപീകരിച്ച പ്രശ്നങ്ങൾ - സ്വയം, പരസ്പരം, ടീച്ചർ വിലയിരുത്തൽ.<br>• നിർദ്ധാരിത പ്രശ്നങ്ങൾ - സ്വയം, പരസ്പരം, ടീച്ചർ വിലയിരുത്തൽ. | 3 ഗണിതം |

## മോഡ്യൂൾ 1 - പരിസരപഠനം

ആശയം : • ഓരോ പ്രദേശത്തും തനതായ കളികളുണ്ട്.

**ആഖ്യാനം**

ഇന്നൊരു പുതിയകളിയായാലോ?

കുട്ടികളെ ക്ലാസ്മുറിക്ക് പുറത്തുകൊണ്ടുപോകുന്നു. ടീച്ചർ കളി അവതരിപ്പിക്കുന്നു.

എന്താണ് കളിയുടെ പേരെന്നറിയാമോ?

"പശുവും പുലിയും കളി"

പശുവും പുലിയും കളിയുടെ രീതി ടീച്ചർ വിശദീകരിക്കുന്നു. ആദ്യം എല്ലാവരും കൈകൾ കോർത്തുപിടിച്ച് വട്ടത്തിൽ നിൽക്കണം. വട്ടത്തിനകത്ത് ഒരു കുട്ടി - പശു. വട്ടത്തിന് പുറത്ത് ഒരു കുട്ടി പുലി. കൈകൾ ചേർത്തുപിടിച്ചുള്ള ചങ്ങലപൊട്ടിച്ച് വേഗത്തിൽ അകത്തേക്ക് കടക്കാൻ പുലി ശ്രമിക്കുന്നു. പുലി അകത്തു കടന്നാലുടൻ വട്ടത്തിൽ നിന്നും പശുവിനെ പുറത്തു വിടുന്നു. പുലി പുറത്ത് കടക്കാൻ ശ്രമിക്കുന്നു. കുട്ടികൾ ചങ്ങലയിൽ നിന്നും പുറത്തുവിടില്ല. ശക്തി പ്രയോഗിച്ചുകൊണ്ട് കൈച്ചങ്ങലപൊട്ടിക്കാൻ പുലി ശ്രമിക്കുന്നു. ഈ സമയം പുലി താളത്തിൽ ചില ചോദ്യങ്ങൾ ചോദിക്കുന്നു. ചങ്ങല കെട്ടി നിൽക്കുന്ന കുട്ടികൾ മറുപടി പറയണം.

പുലി : ഇതെന്തു ചങ്ങല?

കുട്ടികൾ : ഇരുമ്പിൻ ചങ്ങല.

പുലി : എവിടുന്നുകിട്ടി?

കുട്ടികൾ : കോട്ടേന്ന് കിട്ടി.

പുലി : ആരുതന്നു?

കുട്ടികൾ : മൂപ്പൻ തന്നു.

പുലി : എന്തിനു തന്നു?

കുട്ടികൾ : നിന്നെപൂട്ടാൻ.

ഇതിനിടയിൽ ചങ്ങലപൊട്ടിച്ച് പുലി പുറത്തുകടക്കുന്നു. പശുവിനെ പിടിക്കാൻ ഓടുന്നു. പശു പിടികൊടുക്കാതെ ഓടി ചങ്ങലക്കകത്ത് കയറിയാൽ പുലി തോറ്റു/ കുട്ടികൾ എല്ലാവരും ഓടി പശുവിന് ചുറ്റും ചങ്ങല തീർത്ത് പശുവിനെ രക്ഷപ്പെടുത്തിയാലും പുലിതോറ്റു. ഇതിനിടയിൽ പുലിക്ക് പശുവിനെ തൊടാൻ പറ്റിയാൽ പശു ചത്തു.

ഏത് ചങ്ങല പൊട്ടിച്ചാണോ പുലി പുറത്ത് കടന്നത് ആ രണ്ടു കുട്ടികളാണ് പിന്നീട് പശുവായും പുലിയായും മാറേണ്ടത്.

> കളിയുടെ തുടക്കത്തിൽ ചില പ്രാദേശിക പാട്ടുകൾ പാടാറുണ്ട്.
>
> പശൂ പശൂ പുല്ലിന്നാ
> പുലീ പുലീ കല്ലിന്നാ
>
> ....................................
>
> ....................................
>
> പശുവിന്റെയും പുലിയുടെയും മുഖം മൂടി ഉപയോഗിച്ച് കളിച്ചാൽ കൂടുതൽ രസകരമായിരിക്കും.



**ആഖ്യാനം**

- കളി ഇഷ്ടമായോ?
- ഇനിയും കളിക്കണമെന്നുണ്ടോ?

ആകാശും കൂട്ടുകാരും കളിച്ച കളിയായാലോ?

എന്താ ആകാശിനെ അറിയില്ലേ?

നിങ്ങളെപ്പോലെ രണ്ടാംക്ലാസിലാണ് ആകാശും പഠിക്കുന്നത്. ആകാശിന്റെ കൂട്ടുകാരും രണ്ടാം ക്ലാസിൽ തന്നെ. അവർ കളിച്ച കളിയുടെ വിശേഷങ്ങളറിയേണ്ടേ?

പാഠപുസ്തകത്തിലെ പേജ് 49. കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

- ആകാശും കൂട്ടുകാരും എന്തുകളിയാണ് കളിച്ചത്?
- എങ്ങനെയാണ് 'കൂടില്ലാത്ത അണ്ണാൻ' കളി നടത്തുക?

കുട്ടികളുടെ പ്രതികരണം

ഇനി നമുക്ക് കൂടില്ലാത്തണ്ണാൻ കളിച്ചാലോ എങ്ങനെയാണ് കളി. എല്ലാവരും പറയണം.

കുട്ടികൾ ഗ്രൂപ്പിൽ പാഠഭാഗം ഒരിക്കൽക്കൂടി വായിക്കുന്നു കൂടില്ലാത്തണ്ണാൻകളി നടത്തുന്ന വിധം ചർച്ച ചെയ്യുന്നു, പറയുന്നു.

ടീച്ചറും കുട്ടികളും ക്ലാസ്മുറിക്കു പുറത്ത് കൂടില്ലാത്ത അണ്ണാൻ കളിക്കുന്നു. കളിയുടെ മുന്നൊരുക്കങ്ങളും കൂട്ടിൽ നിൽക്കേണ്ടുന്ന രീതിയുമൊക്കെ കുട്ടികൾ തന്നെ ചർച്ചചെയ്ത് തീരുമാനിക്കട്ടെ.

ആരെല്ലാമാണ് കൂടാകുന്നത്. അണ്ണാൻമാർ ആരെല്ലാം

(കൂടും അണ്ണാനും ക്രമീകരിച്ചശേഷം രണ്ട്/ മൂന്ന് കുട്ടികൾ ബാക്കിയുണ്ടെങ്കിൽ അത്രയും പേരെ കൂടില്ലാത്ത അണ്ണാന്മാരാക്കി മാറ്റി കളിനടത്താവുന്നതാണ്.)

കൂടായിമാറിയവരെ അണ്ണാൻമാരാക്കിമാറ്റി കളി തുടരാൻ ശ്രദ്ധിക്കണം.

കളിക്കുശേഷം ടീച്ചറും കുട്ടികളും ക്ലാസിലെത്തുന്നു.

**സന്ദർഭം/ ആഖ്യാനം**

- 'കൂടില്ലാത്ത അണ്ണാൻകളി' ഇഷ്ടമായോ?

ആകാശിനും കൂട്ടുകാർക്കും ഇങ്ങനെ ഒരുപാടു കളികളറിയാം. അവർ പിന്നീട് എന്തുകളിയാണ് കളിച്ചതെന്നറിയണ്ടേ?

പാഠപുസ്തകത്തിലെ പേജ് 50. കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

### തലപ്പന്തുകളി

ആൺകുട്ടികളുടെയും മുതിർന്ന പുരുഷൻമാരുടെയും വിനോദമാണ് തലപ്പന്തുകളി. പെൺകുട്ടികൾക്കും കളിക്കാം. തെങ്ങോലകൊണ്ട് പന്തുണ്ടാക്കി ഒരു കുറ്റിയോ/ കല്ലോ നടുവിൽ വച്ച് കളിക്കാനൊരുങ്ങാം. കുട്ടികൾ രണ്ട് ഗ്രൂപ്പുകളായി മാറുന്നു. നറുക്കിട്ട് ആദ്യം കളിക്കേണ്ടവരെ തീരുമാനിക്കാം. കളിതുടങ്ങുമ്പോൾ കുറ്റിയുടെ അടുത്തും മറ്റേഗ്രൂപ്പ് അല്പം അകലെയുമായാണ് നിൽക്കേണ്ടത്. ആദ്യം ഒരു കുട്ടി കുറ്റിക്ക് അഭിമുഖമായി നിന്ന് തിരിഞ്ഞുനോക്കാതെ പന്തുമുകളിലേക്കിട്ട് വലതുകൈകൊണ്ട് പിറകിലേക്ക് അടിച്ചു തെറിപ്പിക്കാം. എതിർഗ്രൂപ്പിലെ ആരെങ്കിലും പന്ത് നിലത്തുവീഴാതെ പിടിച്ചാൽ ആ കുട്ടിയുടെ അവസരം പോയി. അടുത്തയാൾക്ക് പന്തടിക്കാം. ഗ്രൂപ്പംഗങ്ങൾക്ക് പന്ത് പിടിക്കാൻ സാധിക്കാതെ പന്ത് നിലത്തുവീണാൽ പന്തെടുത്തു കുറ്റിക്കെറിയാം. കുറ്റിയിൽ പന്ത് കൊണ്ടാലും കുട്ടിയുടെ അവസരം കഴിഞ്ഞു. കുറ്റിയിൽ കൊണ്ടില്ലെങ്കിൽ പന്തെറിഞ്ഞ ഗ്രൂപ്പിന് 1 പോയിന്റ്. കളി തുടരുന്നു. പിന്നീട് എതിർഗ്രൂപ്പും പന്തടിച്ച് കളി തുടരുന്നു. ആർക്കാണ് കൂടുതൽ പോയിന്റ് ലഭിച്ചത് അവർ വിജയി.

- തലപ്പന്തുകളിയെപ്പറ്റി പറഞ്ഞപ്പോൾ ആകാശിനുണ്ടായ സംശയമെന്താണ്?
- ഓരോ നാട്ടിലും വേറെ വേറെ കളിയുണ്ടോ?

മുരുകന്റെ നാട്ടിലെ കളികൾ എന്തെല്ലാമാണ്? ആകാശിന്റെ നാട്ടിലെ കളികളോ?

'എന്റെ നാട്ടിലെ കളികൾ' പട്ടിക വ്യക്തിഗതമായി നോട്ടുപുസ്തകത്തിൽ പൂർത്തിയാക്കൂ.

- ഗ്രൂപ്പിൽ പങ്കു വെയ്ക്കുന്നു.
- പട്ടിക വിപുലീകരിക്കുന്നു.
- ഗ്രൂപ്പിന്റെ അവതരണം. – ക്ലാസിൽ പട്ടിക ക്രോഡീകരിക്കുന്നു.
- കുട്ടികൾ പാഠപുസ്തകത്തിലെ പട്ടിക പൂർത്തിയാക്കുന്നു.

ഇതിൽ ഏതു കളിയാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടപ്പെട്ടത് എഴുതൂ.

- എന്തുകൊണ്ടാണ് കൂടുതൽ ഇഷ്ടം? പറയാനവസരം നൽകണം
- മുരുകന്റെ നാട്ടിലെ ഏതെല്ലാം കളികൾ നിങ്ങളുടെ നാട്ടിലുണ്ട്?

ആകാശിന്റെ നാട്ടിലെയോ

– പട്ടിക താരതമ്യം ചെയ്ത് വ്യക്തിഗതമായി എഴുതുന്നു.

തലപ്പന്തുകളിയിലെ തലമ കളിയാണ് മുകളിൽ വിവരിച്ചിരിക്കുന്നത്. തലപ്പന്തുകളിയിൽ തലമകൂടാതെ ഒറ്റ, ഇരട്ട, തുടമ, കിളി, അയക്കി, മുറുക്കി, കാമ എന്നിങ്ങനെ വിവിധഘട്ടങ്ങളുണ്ട്. കുട്ടികൾ പിന്നീട് അന്വേഷിച്ച് കണ്ടെത്തട്ടെ. കളിക്കട്ടെ. കളികളിൽ പ്രാദേശികഭേദങ്ങൾക്കിടിയുണ്ട്. അതാതു പ്രദേശത്തെ കളി രീതി അന്വേഷിച്ചറിയൂ.

പഠന പ്രവർത്തനത്തിനിടയിൽ തലപ്പന്ത് കളി ക്ലാസിൽ നടത്തേണ്ടതില്ല. മറ്റ് ഒഴിവു സമയങ്ങളിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ.



- ഗ്രൂപ്പിൽ പങ്കുവെച്ച് വിട്ടുപോയത് ചർച്ചചെയ്ത് കൂട്ടിച്ചേർക്കുന്നു.

എല്ലാ പ്രദേശത്തെയും കളികൾ ഒരുപോലെയാണോ?

- കളികളെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കിയത് വ്യക്തിഗതമായി നോട്ടുപുസ്തകത്തിൽ എഴുതുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. - ക്രോഡീകരിക്കുന്നു.
- പാഠപുസ്തകത്തിലെ ഭാഗം പൂർത്തിയാക്കുന്നു. (വ്യക്തിഗതമായി എഴുതിയത് ടീച്ചർ വിലയിരുത്തണം.)

കൂടില്ലാത്തണ്ണാൻകളി എല്ലാവർക്കും ഇഷ്ടമായോ? എങ്ങനെയാണ് കളിനടത്തിയത്? കളിക്കുന്ന രീതിയെക്കുറിച്ച് വിവരണം എഴുതിയാലോ?

വ്യക്തിഗത രചനയും ഗ്രൂപ്പിലെ വായനയും ഗ്രൂപ്പുത്പന്നവും അതിന്റെ എഡിറ്റിംഗും ഇവിടെ വേണ്ട?

നിങ്ങളുടെ നാട്ടിൽ മുമ്പ് മറ്റേതെങ്കിലും കളികൾ ഉണ്ടായിരുന്നോ മുതിർന്നവരോട് അന്വേഷിച്ച് എഴുതൂ. ക്ലാസിൽ പങ്കുവയ്ക്കുമല്ലോ.

നമ്മുടെ മുൻതലമുറയ്ക്കു പരിചിതമായിരുന്ന പല കളികളും ഇപ്പോൾ ഇല്ലാതായിക്കൊണ്ടിരിക്കുയാണ് കളികളെക്കുറിച്ച് ചെറിയ കുറിപ്പുകൾ തയാറാക്കിയതു പതിപ്പാക്കിയാലോ?

## മോഡ്യൂൾ 2 - ഗണിതം

| | | |
|---|---|---|
| ആശയം | : | • ഗണിതം ഉപയോഗിച്ചുള്ള നാടൻ കളികളുണ്ട്.<br>• ചില കളികളിൽ എണ്ണൽ, സങ്കലനം, വ്യവകലനം തുടങ്ങിയ ക്രിയകൾ ഉപയോഗിക്കുന്നുണ്ട്. |
| സാമഗ്രികൾ | : | • കുഴിക്കല്ലുകളിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ. |

**ആഖ്യാനം**

ഇനി കല്ലുകൊണ്ടൊരു കളിയായാലോ? കല്ല്കൊണ്ട് എന്തൊക്കെ കളിക്കാം? (സ്വതന്ത്ര പ്രതികരണം).

'കുഴിക്കല്ലുകളി' അറിയാമോ? കുഴിക്കല്ലുകളി എങ്ങനെയാണ് കളിക്കുന്നതെന്നറിയണ്ടേ?

പാഠപുസ്തകത്തിലെ പേജ് 51 ലെ 'കുഴിക്കല്ലുകളി' എന്ന ഭാഗം വ്യക്തിഗതമായി വായിക്കട്ടെ.

- കുഴിക്കല്ലുകളി നടത്താൻ എന്തൊക്കെ വേണം?
- കളിക്കുന്നതെങ്ങനെ? അവതരണം

കുഴികല്ലുകളിയിലേക്ക്

- കുട്ടികൾ 4 അംഗങ്ങളുള്ള ഗ്രൂപ്പിൽ പാഠഭാഗം വീണ്ടും വായിക്കുന്നു. കളി നടത്തുന്ന വിധം ചർച്ചചെയ്ത് തീരുമാനിക്കുന്നു. ആവശ്യമായ ഒരുക്കങ്ങൾ ചെയ്ത് ഗ്രൂപ്പിൽ കുഴിക്കല്ല് കളിക്കുന്നു.
- വ്യക്തിഗതമായി പട്ടിക അപഗ്രഥിച്ച് വിജയിയെ കണ്ടെത്തണം. ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു. കണ്ടെത്തിയതിന്റെ യുക്തി പറയുന്നു. തന്റെ കണ്ടെത്തൽ ശരിയാണോയെന്ന് പരിശോധിക്കുന്നു.



- മറ്റേതെങ്കിലും കളികളിൽ ഇതുപോലെ പോയിന്റുകൾ കൂട്ടി നോക്കി വിജയികളെ തീരുമാനിക്കുന്നുണ്ടോ? ചർച്ച ആശയ രൂപീകരണം.

**ആഖ്യാനം/ സന്ദർഭം**

ആകാശിനും കൂട്ടുകാർക്കും ലഭിച്ച കല്ലുകൾ/ പോയിന്റുകൾ കണ്ടില്ലേ? പാഠപുസ്തകത്തിലെ പേജ് 51 ലെ 'ആരാണ് വിജയി' എന്ന പട്ടിക വ്യക്തിഗതമായി കുട്ടികൾ പരിശോധിക്കുന്നു.

ഗ്രൂപ്പിന്റെ അവതരണം, ക്ലാസിൽ ക്രോഡീകരിക്കുന്നു. പിന്നീട് കുട്ടികൾ വ്യക്തിഗതമായി പട്ടികയ്ക്ക് താഴെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി പാഠഭാഗം പൂർത്തിയാക്കുന്നു.

ഒന്നുകൾ കൂടുമ്പോൾ 14 കിട്ടുന്നുണ്ടല്ലോ. പതിനാലിൽ ഒന്നുകൾ 4 മാത്രം ഒന്ന് പത്തുണ്ടല്ലോ. അത് പത്തുകളുടെ കൂടെ ചേർക്കണം. മുന്നു രണ്ടക്കസംഖ്യകളുടെ സങ്കലനമാണോ കുട്ടി ചെയ്യുന്നത്. പുനക്രമീകരണം പ്രത്യേകം പരിഗണിക്കണം.

ക്രിയ ചെയ്യുന്നതിനു പ്രയാസം നേരിടുന്നുണ്ടെങ്കിൽ സാധനം യുക്തമായി അവതരിപ്പിക്കണം.

സങ്കലന ക്രിയ ചെയ്യുമ്പോൾ സംഖ്യ പിരിച്ചെഴുതിക്കൂട്ടുന്ന രീതി ശ്രമിച്ചു നോക്കുമല്ലോ.

കളിയിൽ രണ്ടു പേരുടെ സ്കോർ ഇങ്ങനെയായിരുന്നു. ആർക്കാണു കൂടുതൽ.

| | | |
|---|---|---|
| ഒന്നാം കളി | കുക്കു 35 | ചിക്കു 15 |
| രണ്ടാം കളി | കുക്കു 18 | ചിക്കു 32 |

കുക്കുവിന് ആകെ 35 + 15 = 30 + 10 + 5 + 5 = 50

ചിക്കുവിന് ആകെ 15 + 32 = 10 + 30 + 5 + 2 = 47

ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും മറ്റും തീരുമാനിക്കേണ്ടേ? സ്കോർ അവരോഹണ ക്രമത്തിൽ എഴുതിയാൽ കാര്യം എളുപ്പമാകും. അവരോഹണക്രമത്തിലെഴുതേണ്ട ഒരു സന്ദർഭം ഇപ്പോൾ കിട്ടിയത് ഉപയോഗപ്പെടുത്തുമല്ലോ.

മുന്നൊരുക്കങ്ങൾ സംബന്ധിച്ച് അധ്യാപിക എന്തൊക്കെ ശ്രദ്ധിക്കണം?

- ആവശ്യമായ കുഴികൾ നിലത്ത് തയാറാക്കിയോ, ചിരട്ടയോ പാത്രമോ വച്ചോ, നിലത്ത് ചോക്ക്കൊണ്ട് കളങ്ങൾ വരച്ചോ കളിക്കാനുള്ള സ്ഥലം ക്രമീകരിക്കുമല്ലോ?



രണ്ടുവരിയിലായുള്ള എല്ലാ കുഴികളിലും 5 വീതം കല്ലുകൾ തന്നെയാണെന്ന് ഉറപ്പു വരുത്തണം.

- കളി തുടങ്ങുന്നതിനു മുമ്പുതന്നെ സ്കോർ രേഖപ്പെടുത്തുന്ന വിധം ക്ലാസിൽ ചർച്ചചെയ്യണം. ഫോർമാറ്റ് രൂപപ്പെടുത്തണം. ബ്ലാക്ക്ബോർഡിൽ വരക്കുന്നു. കുട്ടികൾ നോട്ടുപുസ്തകത്തിൽ വരച്ചു ചേർക്കുന്നു.
- ഗ്രൂപ്പിലെ ഓരോ കുട്ടിയും ഗ്രൂപ്പംഗങ്ങൾക്ക് ലഭിച്ച പോയന്റുകൾ എഴുതിയെടുക്കുന്നതല്ലേ നല്ലത്. വിജയിയെ കണ്ടെത്തുന്ന പ്രവർത്തനവും ഓരോരുത്തരും ചെയ്യട്ടെ.
- വിജയിയെ കണ്ടെത്തുന്നതെങ്ങനെ? ചർച്ച...

കുട്ടികൾ ശരിയായ രീതിയിൽത്തന്നെയാണ് കളി തുടരുന്നതെന്ന് വിലയിരുത്തണം. സ്കോർ രേഖപ്പെടുത്തിയതുംവിജയിയെ തീരുമാനിക്കുന്നതിനായി ചെയ്ത ക്രിയയും വിലയിരുത്തണം.

## മോഡ്യൂൾ 3 – ഗണിതം

ആശയം :
- കളി ഉപകരണങ്ങൾ/ കളിപ്പാട്ടങ്ങൾ വിലകൊടുത്തു വാങ്ങുന്നവയും സ്വയം നിർമിക്കുന്നവയുമുണ്ട്.
- കളിയുപകരണങ്ങളുടെ ക്രയവിജയവുമായി ബന്ധപ്പെട്ട് ഗണിതക്രിയകൾ ഉപയോഗിക്കുന്നുണ്ട്.

സാമഗ്രികൾ :
-

കളിയുമായി ബന്ധപ്പെട്ട് ഗ്രൂപ്പിന് നൽകേണ്ടുന്ന നിർദ്ദേശം.

- ഒന്നാംകളി കഴിയുമ്പോൾ ഒരോരുത്തർക്കും ലഭിച്ച കല്ലുകളുടെ എണ്ണം ഗ്രൂപ്പിലെ ഓരോരുത്തരും അവരവരുടെ നോട്ടുപുസ്തകത്തിലെ പട്ടികയിൽ രേഖപ്പെടുത്തണം.
- ഓരോ ഗ്രൂപ്പും 3 കളി വീതമാണ് കളിക്കേണ്ടത്.
- മൂന്ന് കളിയുമായി ബന്ധപ്പെട്ടും പട്ടിക പൂർത്തിയാക്കേണ്ടതുണ്ട്.

ഗ്രൂപ്പിൽ ഇടപെടുമ്പോൾ താഴെ സൂചിപ്പിക്കുംവിധമുള്ള അപഗ്രഥന ചോദ്യങ്ങൾ ആവശ്യാനുസരണം ഉന്നയിക്കുവാൻ ശ്രദ്ധിക്കുമല്ലോ?

- ഒന്നാം കളിയിൽ ജയിച്ചതാര്? എങ്ങനെയാണ് കണ്ടെത്തിയത്?
- രണ്ടാം കളിയിൽ ജയിച്ചതാര്?
- മൂന്നാം കളിയിലോ? എങ്ങനെയാണ് കണ്ടെത്തിയത്?
- മൂന്ന് കളിയും കഴിഞ്ഞപ്പോൾ ആരാണ് ജയിച്ചത്?
- കുട്ടികൾ വ്യത്യസ്ത ഗ്രൂപ്പിൽ കളിതുടർന്ന് കളിച്ച് സ്കോർബോർഡ് പൂർത്തിയാക്കി വിജയിയെ കണ്ടെത്തുന്ന പ്രവർത്തനം തുടരട്ടെ. അസ്സെസ്മെന്റിന് വിധേയമാക്കാൻ ശ്രദ്ധിക്കുമല്ലോ?

**ആഖ്യാനം**

'നീ ഇതുവരെ എവിടെയായിരുന്നു അലീ?

മാമന്റെ ശബ്ദം കേട്ട് അവൻ ഓടിച്ചെന്നു. മാമൻ ഗൾഫീന്ന് എപ്പോഴാവന്നത്.

ഞാൻ ഇപ്പോൾ വന്നതേയുള്ളു. ഇതാ നിനക്കുള്ള സമ്മാനം.

മാമൻ ഒരു പെട്ടി അവന് നൽകി. അലി തിരിച്ചും മറിച്ചും നോക്കി. എന്തായിത്?

തുറന്നുനോക്കൂ. അപ്പോൾ കാണാം.

അവൻ പെട്ടി പൊളിച്ചു. ഹായ്! കളിപ്പാട്ടം.

ഇതെങ്ങനെയാ പൊങ്ങുകയും താഴുകയും ചെയ്യുന്നേ?

പുതിയ കളിപ്പാട്ടം കൂട്ടുകാരെ കാണിക്കാൻ അവന് തിടുക്കമായി.

പിറ്റേന്ന്...

ആകാശും അനഘയും നേരത്തെതന്നെ മാവിൻ ചുവട്ടിലെത്തി. വൈകാതെ തന്നെ മറ്റുള്ളവരും എത്തിച്ചേർന്നു.

'കൂ...യ്'

ആരാണത്? എല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി അതാ അലി ഒരു പെട്ടിയുമായി വരുന്നു.

ഇത് ഒരു കളിപ്പാട്ടമാ. കളിപ്പാട്ടം എന്താണെന്നറിയാനായി എല്ലാവരും അലിക്കു ചുറ്റും കൂടി.

എന്ത് കളിപ്പാട്ടമായിരിക്കും അലികൊണ്ടു വന്നത്.

പാഠപുസ്തകത്തിലെ 52, 53 ലെ പെട്ടിയിലെ കളിപ്പാട്ടങ്ങൾ വരെ കുട്ടികൾ വായിക്കുന്നു.

- എന്തിനായിരിക്കും കുട്ടികളെല്ലാം അലിയുടെ വീട്ടിലെത്തിയത്?
- പെട്ടിയിൽ എന്തൊക്കെ കളിപ്പാട്ടങ്ങളാണുള്ളത്?
- ഗ്രൂപ്പിൽ വായന നടത്തുന്നു/ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി പറയുന്നു.

- അലിയുടെ എല്ലാ കളിപ്പാട്ടങ്ങളും വിലകൊടുത്തു വാങ്ങിയ താണോ?



- കളിപ്പാട്ടങ്ങളിൽ വിലകൊടുത്തു വാങ്ങിയവയെ വട്ടത്തിലാക്കൂ. കുട്ടികൾ പാഠപുസ്തകത്തിലെ കളിപ്പാട്ടങ്ങളുടെ പേര് വായിച്ചുനോക്കി വിലകൊടുത്തു വാങ്ങിയവയെ വലയത്തിലാക്കുന്നു. (വ്യക്തിഗതം)
- കളിപ്പാട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്?
  - നോട്ടുപുസ്തകത്തിൽ വ്യക്തിഗതമായി എഴുതുന്നു.
  - ഗ്രൂപ്പിൽ പങ്കു വെയ്ക്കുന്നു... ചർച്ച ചെയ്യുന്നു.
  - ഗ്രൂപ്പിന്റെ അവതരണം
  - ക്ലാസിൽ ക്രോഡീകരിക്കുന്നു.
  - ക്രോഡീകരിച്ച കാര്യങ്ങൾ പാഠപുസ്തകത്തിൽ എഴുതുന്നു.
- വ്യക്തിഗതമായി എഴുതിയത് വിലയിരുത്തലിന് വിധേയമാക്കണം.

പ്രശ്നാശയ രൂപീകരണത്തിന് സഹായകമായ രീതിയിൽ ആവശ്യമായ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ചർച്ച നയിക്കാൻ ശ്രദ്ധിക്കുമല്ലോ?

**ആഖ്യാനം**

അലിയുടെ കളിപ്പാട്ടം എല്ലാവർക്കും ഇഷ്ടമായി. 'നമുക്കും പുതിയ കളിപ്പാട്ടങ്ങൾ വാങ്ങണം' ആകാശ് പറഞ്ഞു.

'അതിനു പണം വേണ്ടേ?' ആമിനയ്ക്ക് വിഷമമായി.

'എന്റെ കൈയിൽ 75 രൂപയുണ്ട്. ഓണത്തിന് അപ്പൂപ്പൻ തന്നതാ.' ആകാശ് പറഞ്ഞു.

'ഓണത്തിന് മാമൻ തന്ന രൂപ എന്റെ കൈയിലുമുണ്ട്' മുരുകൻ ഓർമിച്ചു.

അപ്പോഴാണ് ആമിനയ്ക്കും, അമലയ്ക്കും, അനഘയ്ക്കും തങ്ങളുടെ പണക്കുടുക്കയെക്കുറിച്ച് ഓർമ്മ വന്നത്.

'പണക്കുടുക്ക പൊട്ടിക്കുക തന്നെ' ആമിന പറഞ്ഞു.

'കിട്ടിയ നാണയങ്ങളെല്ലാം കുടുക്കയിലിട്ടുവച്ചത് നന്നായി' അമല മനസ്സിലോർത്തു.

പിറ്റേന്ന് എല്ലാവരും കളിപ്പാട്ടങ്ങൾ വാങ്ങാനുള്ള പണവുമായാണെത്തിയത്.



എല്ലാവരും കളിപ്പാട്ടക്കടയിലെത്തി.

'കടയിൽ എന്തൊക്കെ കളിപ്പാട്ടങ്ങളാ' ശരിയാ മുരുകാ... ഓരോന്നിനും വിലകൾ തൂക്കിയിട്ടുണ്ട്. ആകാശ് പറഞ്ഞു.

- പ്രശ്നം വ്യക്തിഗതമായി കുട്ടികൾ വായിക്കുന്നു.

പാഠപുസ്തകത്തിലെ പേജ് 53 നിരീക്ഷിക്കാൻ അവസരം.

ആകാശിന് കാറും ലോറിയും കിലുക്കുമാണ് വേണ്ടത്. കയ്യിൽ 75 രൂപ യുണ്ട്. പണം മിച്ചമുണ്ടെ ങ്കിലെ മറ്റെന്തെങ്കിലും കൂടി വാങ്ങാം. ആകാശ് തീരുമാനിച്ചു. ഏതെല്ലാം കളിപ്പാട്ടങ്ങളായിരിക്കും ആകാശിന് വാങ്ങാൻ പറ്റു ന്നത്.

ഈ പ്രശ്നം അപഗ്രഥി ക്കാനായി ടീച്ചർ നൽകുന്ന സഹായം എന്താണ്. അപ ഗ്രഥന ചോദ്യങ്ങൾ ഉന്നയി ക്കേണ്ടതില്ല. അപഗ്രഥന ചോദ്യങ്ങൾ ഇവ ആകാം.

- എന്താണ് കണ്ടത്തേ ണ്ടത്?
- എന്തെല്ലാമാണ് അവൻ വാങ്ങാൻ തീരുമാനി ച്ചത്. അതിന് എന്തു വില ആകും? എങ്ങനെ കണ്ടെത്താം.
- ബാക്കി ഉണ്ടാകുമോ? ബാക്കി എങ്ങനെ കണ്ടെത്താം.
- ആ തുക ഉപയോഗിച്ച് വാങ്ങാൻ കഴിയുന്ന കളിപ്പാട്ടം ഏതാണ്.
- എങ്കിൽ ആകാശിനു കിട്ടുന്ന കളിപ്പാട്ടങ്ങൾ ഏതെല്ലാം?

ക്ലാസിലെ കളിപ്പാട്ടക്കട യെക്കുറിച്ച് എസ്. ആർ. ജിയിൽ ചർച്ച ചെയ്താലോ?

കുട്ടിയുടെ ലേണിംഗ് കിറ്റിൽ കളിനോട്ടുകൾക്ക് സ്ഥാനം ലഭിച്ചാൽ ഒഴിവു സമയങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടു ക്കാൻ അവന് സാധി ക്കില്ലേ?

- പ്രശ്നം വിശകലനം ചെയ്യുന്നു.
- വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത മായി പ്രശ്നം നിർദ്ധാരണം ചെയ്യുന്നു.
- ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു, നിർദ്ധാരണം ചെയ്ത രീതി വിശ ദീകരിക്കുന്നു.
- ആവശ്യമെങ്കിൽ സ്വയം മാറ്റങ്ങൾ വരുത്തുന്നു.
- പ്രശ്നനിർദ്ധാരണത്തിന് ഉചിതം എന്ന് ഗ്രൂപ്പ് കണ്ടെത്തിയ വഴി/ രീതി ക്ലാസിൽ അവതരിപ്പിക്കുന്നു.
- വ്യത്യസ്ത വഴികൾ ഉണ്ടെങ്കിൽ, ടീച്ചർ ബ്ലാക്ക്ബോർഡിൽ രേഖപ്പെടുത്തുന്നു/ ആവശ്യമെങ്കിൽ ടീച്ചർ വെർഷൻ പ്രയോ ജനപ്പെടുത്തുന്നു.
- ഞാൻ കണ്ടെത്തിയ രീതി ആവശ്യമെങ്കിൽ ടീച്ചർ വിശദീക രിക്കുന്നു.
- പ്രശ്നനിർദ്ധാരണത്തിന് ഏറ്റവും ഉചിതം ഏത് രീതിയാ ണെന്ന് കുട്ടികൾ തിരിച്ചറിയുന്നു.

ഇങ്ങനെ ഓരോ പ്രശ്നവും വിശകലനം ചെയ്ത രീതിയും നിർദ്ധാരണം ചെയ്ത രീതിയും കുട്ടിക്ക് പറയാനും/ കേൾക്കാനും അവസരം ഒരുക്കേണ്ടതില്ലേ?

വ്യത്യസ്ത വഴികളിലൂടെ അറിവ് നിർമാണപ്രക്രിയയുടെ ഘട്ട ങ്ങളിലൂടെ തന്നെ അനുഭവങ്ങൾ നൽകാൻ ശ്രദ്ധിക്കുമല്ലോ?

### ക്ലാസിൽ ഒരു കളിപ്പാട്ടക്കട

സന്ദർഭം

എല്ലാവരുടെ വീട്ടിലും കളിപ്പാട്ടങ്ങളുണ്ടോ? ചില കളിപ്പാട്ട ങ്ങൾ നിർമിക്കാനും നിങ്ങൾക്ക് കഴിയില്ലേ? നമുക്ക് ക്ലാസിൽ ഒരു കളിപ്പാട്ടക്കട ഒരുക്കിയാലോ?

### എന്തൊക്കെ മുന്നൊരുക്കങ്ങൾ ആവശ്യമാണ്.

1 കളിപ്പാട്ടങ്ങൾ കരുതണം.

2 കളിപ്പാട്ടങ്ങൾ കൊടുത്തുവിടാൻ രക്ഷിതാവിന് കത്തെഴുതി യാലോ?

3 കളിപ്പാട്ടക്കട കാണാൻ രക്ഷിതാവിനെ ക്ഷണിക്കുക കൂടി ചെയ്യാം.

4 കത്ത് പൂർത്തിയാക്കാൻ കുട്ടികൾക്കു തന്നെ അവസരം നൽകുന്നതല്ലേ ഉചിതം.

- കളിപ്പാട്ടത്തിന്റെ വിലകൾ കുട്ടികൾ തന്നെ തീരുമാനിക്കട്ടെ. 3 കളിപ്പാട്ടങ്ങൾ ചേർന്നാൽ തുക 200 ന് താഴെ വരുന്ന രീതി യിൽ കളിപ്പാട്ടങ്ങളുടെ വില നിശ്ചയിക്കുന്നതല്ലേ നല്ലത്. വില വിവരപ്പട്ടിക കുട്ടികൾ തന്നെ തയാറാക്കി കടയുടെ മുന്നിൽ പ്രദർശിപ്പിക്കട്ടെ.

കളിപാട്ടങ്ങൾ വാങ്ങുവാൻ വരുന്നവരുടെ കൈയിൽ പണം വേണ്ടേ.

- കളിനോട്ടുകൾ എങ്ങനെയൊക്കെയാണ് ഒരുക്കുക?
- കച്ചവടക്കളിയിലൂടെ ഓരോ കുട്ടിയും സാധനങ്ങൾ വാങ്ങിയാൽ ലഭിക്കുന്ന ബിൽ നോട്ടുപുസ്തകത്തിൽ എഴുതണം. ബില്ലിൽ ക്രിയ നിർദ്ധാരണം ചെയ്തത് ശരിയായ വിധത്തിലാണോ എന്ന് വിലയിരുത്തണം.

കളിപ്പാട്ടക്കടയിലെ വിൽപ്പനക്കാരെയും, വാങ്ങുന്നവരെയും നിശ്ചയിക്കുമ്പോൾ ടീച്ചർ, നിരന്തരവിലയിരുത്തലിലൂടെ സഹായം ആവശ്യമെന്ന് കണ്ടെത്തിയ കുട്ടികൾക്കല്ല കൂടുതൽ പരിഗണന നൽകുക?

ക്ലാസിലെ മുഴുവൻ കുട്ടികൾക്കും വിൽപ്പനക്കാരുടെ റോൾ ലഭിക്കാൻ എന്തു ക്രമീകരണമാണ് നടത്തുക?

**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രമായ വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയ | പ്രകടിതരൂപം | വിലയിരുത്തൽ | മോഡ്യൂൾ നമ്പർ/ (വിഷയം) |
|---|---|---|---|---|
| • ആഘോഷങ്ങളുടെ ഭാഗമായി വിനോദങ്ങളും കളികളുമുണ്ട്.<br>• ഒരു വിഷയത്തെക്കുറിച്ച് ലഘുവാക്യങ്ങളിൽ എഴുതി കുറിപ്പ് തയാറാക്കൂ.<br>• ശൈലികളും പ്രയോഗവിശേഷങ്ങളും ഭാഷയ്ക്ക് ശക്തി പകരുന്നു. | • പാട്ട് പാടിയും വിനോദങ്ങളിൽ ഏർപ്പെടും വിവരം ശേഖരിച്ചും നിഗമനം രൂപീകരിക്കുന്നു.<br>• ആഘോഷങ്ങളുടെ ബന്ധപ്പെട്ട കളികളുടെ കുറിപ്പ് തയാറാക്കൂ.<br>• വായനാസാമഗ്രിയിൽ നിന്നും കണ്ടെത്തുന്നു പ്രയോഗങ്ങളും ശൈലികളും ഉചിതമായ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നു. | • പാട്ടിന്റെ അവതരണം<br>• കുറിപ്പ്<br>• ഭാഷാവസ്തുതകൾ പ്രയോഗിക്കുന്ന വ്യവഹാര രൂപം. | • ആലാപനം - ഗ്രൂപ്പ്, ടീച്ചർ<br>• കുറിപ്പ് - ടീച്ചർ വിലയിരുത്തൽ<br>• വ്യവഹാര രൂപം - (ടീച്ചർ) | • ഭാഷ |

**മോഡ്യൂൾ 4 - ഭാഷ**

ആശയം :
- ആഘോഷങ്ങളുടെ ഭാഗമായി വിനോദങ്ങളും കളികളുമുണ്ട്.
- ഒരു നിശ്ചിത വിഷയത്തെക്കുറിച്ച് ലഘുവാക്യങ്ങളിൽ എഴുതികുറിപ്പ് തയ്യാറാക്കാം.
- ശൈലികളും പ്രയോഗവിഷയങ്ങളും ഭാഷയ്ക്ക് ശക്തിപകരുന്നു.

സാമഗ്രികൾ :
-

**സന്ദർഭം**

കളിപ്പാട്ടക്കടയിൽ നിന്നു മടങ്ങുന്ന വഴിയിൽ മുരുകനാണ് അത് ആദ്യം ശ്രദ്ധിച്ചത്. ചുവരിൽ ഒരു വലിയ ചിത്രം.

ഇതൊരു പോസ്റ്ററാണല്ലോ.

**ഓണാഘോഷം**

വള്ളംകളി മത്സരം

സ്ഥലം : ഇറപ്പുഴ പാലം കടവ്

സെപ്തംബർ 4 ചൊവ്വ 2 മണിക്ക്

ആകാശും കൂട്ടുകാരും പോസ്റ്റർ വായിച്ചു. അവർക്ക് സന്തോഷമായി. എന്തായിരിക്കും പോസ്റ്ററിൽ? എച്ച്.ബി യിലെ പോസ്റ്റർ കുട്ടികൾ വായിച്ച് കണ്ടെത്തട്ടെ. ചാർട്ടിൽ എഴുതിയത് കാണിക്കുക.

വേഗം പോകാം... വള്ളം കളിക്കു മുമ്പേ കടവിലെത്തണം.

അലി പറഞ്ഞപ്പോൾ എല്ലാവരും നടത്തത്തിന് വേഗം കൂട്ടി.

കൃത്യസമയത്ത് തന്നെ അവർ കടവിലെത്തി.

“എത്ര വേഗത്തിലാ വള്ളം പായുന്നത്.” അമല കൗതുകത്തോടെ പറഞ്ഞു. “വള്ളം തുഴയുമ്പോൾ അവർ പാട്ടു പാടുന്നുണ്ടല്ലോ...” കേൾക്കാൻ നല്ല രസമുണ്ട്.

ആകാശ് പറഞ്ഞപ്പോഴാണ് അമലയും അത് ശ്രദ്ധിച്ചത്.

വള്ളം കളി കണ്ട് മടങ്ങുമ്പോഴും അമല പാട്ട് ഓർക്കുകയായിരുന്നു... നല്ല ഇമ്പമുള്ള പാട്ട്.

എന്താണ് പാട്ടിലെ വരികൾ

- പാഠഭാഗം വ്യക്തിഗതമായി വായിച്ച് കണ്ടെത്തൽ.
- തുഴയുന്നവർ ഒരുമിച്ചു പാടുന്നതുപോലെ പാടിനോക്കിയാലോ. ഗ്രൂപ്പിൽ ഈണം കണ്ടെത്തൽ.
- ഗ്രൂപ്പിന്റെ അവതരണം- മെച്ചപ്പെട്ട ഈണം ഏതെന്ന് തീരുമാനിക്കുന്നു. പാടുന്നു.
- ഞാൻ പാടിത്തരാം നിങ്ങൾക്ക് അഭിനയിച്ചുകൊണ്ട് പാടാമോ ടീച്ചർ പാഠഭാഗം ഈണത്തിൽ പാടി കൊടുക്കുന്നു.
- ബഞ്ചിൽ രണ്ടു വശത്തേക്കും കാലിട്ട് കൈയിൽ തുഴയും പിടിച്ച് അഭിനയിച്ച് കുട്ടികൾ പാടണം.
- ഏത് ഗ്രൂപ്പാണ് ഏറ്റവും നന്നായി അവതരിപ്പിച്ചത്? എന്തുകൊണ്ടാണ് മെച്ചപ്പെട്ടത്- ചർച്ച. (വള്ളം കളിപ്പാട്ട് ബാലസഭയിൽ അവതരിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ)

മുരുകന്റെ നാട്ടിലെ ആഘോഷങ്ങളുടെ വിശേഷങ്ങൾ നോട്ടീസിൽ കണ്ടല്ലോ. വള്ളംകളി കൂടാതെ വേറെയും കുറേ കളികൾ അവിടുണ്ട്.

- നിങ്ങളുടെ നാട്ടിലെ ആഘോഷങ്ങൾ ഏതെല്ലാമാണ്?

ഓരോ ആഘോഷത്തിന്റെയും ഭാഗമായി എന്തൊക്കെ പരിപാടികളാണ് നടത്താറുള്ളത്?

കുട്ടികൾ വ്യക്തിഗതമായി കുറിക്കുന്നു (ടീച്ചർ വിലയിരുത്തൽ) ഗ്രൂപ്പിൽ പങ്കു വയ്ക്കുന്നു. കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. (പരസ്പരം വിലയിരുത്തുന്നു)

ഗ്രൂപ്പിന്റെ അവതരണം

ക്ലാസിൽ ക്രോഡീകരിക്കുന്നു.

- ആഘോഷങ്ങളുമായി ബന്ധപ്പെട്ട കളികളുടെ കുറിപ്പ് തയ്യാറാക്കാമോ? വ്യക്തിഗതമായി കുറിപ്പ് തയാറാക്കുന്നു. (ടീച്ചർ വിലയിരുത്തൽ)

  ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു

  മെച്ചപ്പെടുത്തി എഴുതുന്നു.

- ആഘോഷങ്ങളുമായി ബന്ധപ്പെട്ട് കളികളുടെ ചിത്രങ്ങൾ ശേഖരിക്കാമോ?

  ശേഖരിച്ച ചിത്രങ്ങൾ ചേർത്ത് ചുവർപത്രിക തയ്യാറാക്കാം.

- കളികളുമായി ബന്ധപ്പെട്ട കൂടുതൽ പാട്ടുകൾ കണ്ടെത്തി ശേഖരപുസ്തകത്തിലെഴുതാം.

- ഏതൊക്കെ കളികളെക്കുറിച്ചാണ് പാഠപുസ്തകത്തിൽ പറഞ്ഞിട്ടുള്ളത്?

കുട്ടികൾ പാഠം ഒന്നുകൂടി വായിക്കട്ടെ... കളികൾ കണ്ടെത്തി വ്യക്തിഗതമായി എഴുതട്ടെ.

- കളിയോട് കളി തന്നെ....
- ആർത്തു ചിരിച്ചു....
- ഇത്തരം ഭാഷാവസ്തുതകളുടെ പ്രായോഗിക സന്ദർഭങ്ങൾ ടീച്ചേഴ്സ് വേർഷനിലൂടെ പരിചയപ്പെടാനുള്ള അവസരങ്ങൾ കുട്ടിക്ക് ലഭിക്കണം.

(പ്രവർത്തനങ്ങൾ വ്യക്തിഗതമായി തന്നെ പൂർത്തിയാക്കാനവസരം നൽകണം. ഗ്രൂപ്പിൽ ചർച്ച ചെയ്ച് മെച്ചപ്പെടുത്തി എഴുതാൻ അവസരം നൽകുന്നതോടൊപ്പം ക്ലാസിൽ പൊതുവായി ക്രോഡീകരിക്കാനും ശ്രദ്ധിക്കണം)

- ഓരോരുത്തർക്കും ഇഷ്ടപ്പെട്ട ഒരു കളിയുടെ പേരെഴുതിയത് ഓർക്കുന്നില്ലേ?

എങ്ങനെയാണ് ആ കളി നടത്തുക? എഴുതി നോക്കിയാലോ?

- വ്യക്തിഗതമായി എഴുതിയത് ചേർത്ത് ഒരു കളിപ്പതിപ്പ് തയ്യാറാക്കൂ.. കുട്ടികൾക്ക് വായിക്കാനവസരം നൽകണം.
- ഇടവേളകളിൽ വ്യത്യസ്തമായ കളികൾ കളിക്കുകയും ചെയ്യാം.

വള്ളം കളിയുടെ സി.ഡി ലഭ്യമാണെങ്കിൽ ദൃശ്യാനുഭവം നൽകുന്നത് നല്ലതായിരിക്കില്ലേ?

**കളിപ്പാട്ടുകൾ**

"പൂപെറുക്കാൻ
പോകുന്നോ പോരുന്നോ
അതിരാവിലെ ആരെ
നിങ്ങൾക്കാവശ്യം
ആവശ്യം അതിരാവിലെ

............................................

............................................

**മാണിക്യച്ചെമ്പഴുക്ക**

അക്കൈയിലിക്കൈയിലോ
മാണിക്യച്ചെമ്പഴുക്ക
പൊട്ടനെക്കാട്ടരുതേ
മാണിക്യച്ചെമ്പഴുക്ക.

**ആകുന്നിക്കുന്ന്**

അക്കുത്തിക്കുത്താനവരമ്പോൽ
കല്ലേകുത്തു കരിക്കുത്ത.
ചീപ്പു വെള്ളം ചീരാവെള്ളം
താറാമക്കടെ കൈയേലൊരു ബാങ്ക്.